# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഞാൻ നിങ്ങളുടെ സഹോദരൻ! തടവുകാരോട് മാർപാപ്പ




4.910 'ഞാൻ നിങ്ങളുടെ സഹോദരൻ!' തടവുകാരോട് മാർപാപ്പാ

ഫിലാഡാൽഫിയ: ഒരു അജപാലകനായിട്ടല്ല നിങ്ങളെ കാണാൻ ഞാൻ വന്നിരിക്കുന്നതെന്നും മറിച്ച് സഹോദരനായിട്ടാണ് വന്നിരിക്കുന്നതെന്നും ഫ്രാൻസിസ് മാർപാപ്പ. ജയിൽസന്ദർശനവേളയിൽ തടവുകാരോട് സംസാരിക്കുകയായിരുന്ന അദ്ദേഹം."നമുക്കൊരുമിച്ച് പ്രാർത്ഥിക്കുന്നതിനും നമ്മുടെ ദൈവത്തിന് സകലതും സമർപ്പിക്കുന്നതിനും-നമ്മുടെ വേദനകളുടെ കാരണം പോലും - ആയിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അപ്പോൾ നമുക്ക് അവിടുന്നിൽനിന്ന് പുനരുത്ഥാനത്തിന്റെ ശക്തി സ്വീകരിക്കാൻ കഴിയും." നിരന്തരം ശുദ്ധിചെയ്യപ്പെടുന്നതിന് ക്രിസ്തുവിനെ അനുവദിക്കുകയും ചെയ്യുവിൻ മാർപാപ്പ ഓർമ്മിപ്പിച്ചു.

ഫിലാഡാൽഫിയ - യു.എസ്. സന്ദർശനത്തിനിടെ ഫ്രാൻസിസ് മാർപാപ്പ ഫിലദൽഫിയയിലെ ജയിൽ സന്ദർശിച്ചു തടവുകാരോടു സംവദിച്ചു. എല്ലാവരും ശുദ്ധരാകേണ്ടതുണ്ടെന്നു പറഞ്ഞ മാർപാപ്പ തടവറയിലെ ജീവിതത്തെ സമൂഹത്തിൽനിന്നുള്ള ഒറ്റപ്പെടലായി കാണരുതെന്ന് തടവുകാരെ ഉപദേശിച്ചു.

ജയിലിലെ 60 പുരുഷന്മാരെയും 11 സ്ത്രീകളെയുമാണ് അദ്ദേഹം കണ്ടത്. 'ഞാൻ തടവിലായിരുന്നു, നിങ്ങൾ എന്നെ കാണാൻ വന്നു' എന്ന ക്രിസ്തുവചനത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു മാർപാപ്പയുടെ തടവറസന്ദർശനം.

ജയിലിലെ മുഖ്യഹാളിൽ എത്തിയ മാർപാപ്പയെ ജയിൽ ഉദ്യോഗസ്ഥർ സ്വീകരിച്ച് അദ്ദേഹത്തിനായി തടവുകാർ നിർമ്മിച്ച കസേരയിലേക്ക് ആനയിച്ചു. കാത്തുനിന്ന തടവുകാർക്കുനേരെ അഭിനന്ദനസൂചകമായി തള്ളവിരൽ ഉയർത്തിക്കാട്ടിയ മാർപാപ്പ കസേരയിൽ ഇരുന്നശേഷം ഇരിപ്പിടം നിർമ്മിച്ചതിന് പ്രത്യേകം നന്ദി പറഞ്ഞു. നാം എല്ലാവരും ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. എല്ലാവരും...; ഒന്നാമതു ഞാൻതന്നെ. മാർപാപ്പ പറഞ്ഞു. തുടർന്ന് അദ്ദേഹം എല്ലാവർക്കും ഹസ്തദാനം ചെയ്യുകയും തന്നെ സ്വീകരിക്കാനായി എഴുന്നേറ്റുവന്നവരെ ആലിംഗനം ചെയ്യുകയും ചെയ്തു.